7. പുന്നുറ-കോവളം ഭാഗത്ത് കനാൽ ഭൂമി ഭാഗികമായി കടലാക്രമണത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

8. കോവളം ഭാഗത്ത് കനാൽ തൊണ്ടയുക്കൽ സൊസൈറ്റികളുടെ അധീനതയിൽ ആണ്. ഇവരുടെ പ്രവർത്തനങ്ങൾ കനാലിന്റെ ഒരു ഭാഗത്തായി നിജപ്പെടുത്തേണ്ടതുണ്ട്.

ഫണ്ടിന്റെ ലഭ്യത അനുസരിച്ചും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കഴിയുന്ന മുറയ്ക്കും പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നതാണ്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

32 (2130) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2008-09, 2009-10 വർഷത്തിൽ ഭരണാനുമതി ലഭിച്ച ജലവിതരണ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പണി പൂർത്തിയാക്കിയവ ഏതൊക്കെയാണെന്നും, പണി നടന്നു വരുന്നവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഇനിയും പ്രവൃത്തി ആരംഭിക്കാനുള്ളവ ഏതൊക്കെയാണെന്നും അതിനുള്ള കാലതാമസം എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ന്റെ കീഴിലുള്ള പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2008-09 വർഷത്തിൽ കരകുളം പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം-രണ്ടാംഘട്ടം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2009-10 വർഷത്തിൽ പുതിയ പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ല. ഡയറക്ടർ (മൂലധന വകുപ്പ്) ന്റെ കീഴിൽ 2008-09-ൽ വരൾച്ചാ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള 64 കുഴൽ കിണറുകളിൽ കേടായി കിടന്ന ഹാൻഡ് പമ്പുകൾ നന്നാക്കുന്നതിനും 13 കുഴൽകിണറുകൾ നിർമ്മിച്ച് ഹാൻഡ് പമ്പുകൾ ഘടിപ്പിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ന്റെ കീഴിൽ ചെറുകിട ജലസേചന വിഭാഗത്തിന് കീഴിലുള്ള എല്ലാ പണികളും പൂർത്തീകരിച്ചു. നദീതട സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള അരുവിക്കര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിൽ ഇരുമ്പ എന്ന സ്ഥലത്ത് കരമനയാറിന്റെ വലത് കരയുടെ സംരക്ഷണ പണികളും തകർന്ന കുളിക്കടവിന്റെ പുനരുദ്ധാരണ പണികളും മുണ്ടേല എന്ന സ്ഥലത്ത് കാക്കകെട്ടിക്കലിൽ കരമനയാറിന്റെ വലതുകരയുടെ സംരക്ഷണ പണികളും പൂർത്തീകരിച്ചു. മാനേജിംഗ് ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി) ന്റെ കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തി പൂർത്തിയായിട്ടില്ല. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഡയറക്ടർ (ഭൂജല വകുപ്പ്) ന്റെ കീഴിൽ 64 കുഴൽ കിണലുകളിൽ 49 കുഴൽ കിണറുകളുടെ കേടുപാടുകൾ തീർത്തു. ബാക്കിയുള്ളവ ഉപയോഗയോഗ്യമാക്കുവാൻ സാധിക്കില്ല എന്ന കാരണത്താൽ ജോലി ഏറ്റെടുത്ത് നടത്തുന്നതിന് കഴിയുകയില്ല. കുഴൽ കിണറുകളിൽ 10 കിണറുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 3 സ്ഥലങ്ങളിൽ ഭൂജല സർവ്വേയിൽ ജലലഭ്യത ഇല്ലാത്തതിനാൽ കിണറുകളുടെ നിർമ്മാണം നടത്തിയില്ല.

(സി) ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും)ന്റെ കീഴിലെ നദീതട സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള വെള്ളപ്പൊക്ക നിവാരണ പദ്ധതി- നെടുമങ്ങാടിന് സമീപം ഉളിയൂർ എന്ന സ്ഥലത്ത് പാലത്തിന് മുകൾഭാഗത്ത് കിള്ളിയാറിന്റെ വലതുകരയുടെ സംരക്ഷണവും അനുബന്ധ റോഡ് നിർമ്മാണവും ഏറ്റെടുത്ത് കോൺട്രാക്ടർക്ക്, ഗവൺമെന്റ് കമ്മിറ്റിഅനുവദിച്ച റേറ്റിൽ പണി ചെയ്യാൻ സമ്മതമില്ലാത്തതിനാൽ പണി ഏറ്റെടുക്കാത്തതിനാലാണ് കാലതാമസം നേരിട്ടത്. മാനേജിംഗ് ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി)ന്റെ കീഴിൽ ഭരണാനുമതി നൽകി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പണി പുരോഗതിയിലാണ്.

ഡയറക്ടർ (ഭൂജല വകുപ്പ്)ന്റെ കീഴിൽ ഭരണാനുമതി നൽകി പദ്ധതികൾ ഒന്നുംതന്നെ ആരംഭിക്കാനില്ല.

തെന്മല ഡാമിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിന്

33 (2131) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ തെന്മല ഡാമിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ ഡാമിലെ റിസർവോയറിന്റെ കപ്പാസിറ്റി കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തെന്മല ഉൾപ്പെടെയുള്ള കേരളത്തിലെ വിവിധ ജലസംഭരണികളിൽ മണലും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യതാ പഠനം നടന്നുവരികയാണ്.

(ബി) തെന്മല ഡാമിലെ റിസർവോയറിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് റീജണൽ റിമോട്ട് സെൻസിംഗ് സർവ്വീസ് സെന്റർ, ISRO

LIBRARY ARCHIVES Kerala Legislative Assembly